# പതിമൂന്നാം കേരള നിയമസഭ
## എട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ : 2123

26.03.2013- ലെ മറുപടിക്ക്

## പ്രകാശ് ബക്ഷി റിപ്പോർട്ട് നടപ്പാക്കൽ

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. കെ.വി. വിജയ ദാസ് | | ശ്രീ. സി.എൻ. ബാലകൃഷ്ണൻ (സഹകരണവും ഖാദി ഗ്രാമവ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പ് മന്ത്രി) |
| എ) പ്രകാശ് ബക്ഷി റിപ്പോർട്ട് നടപ്പിലാക്കു വാൻ ഉദ്ദേശിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നൽകുമോ; | (എ) | ത്രിതല വായ്പ മേഖലയെക്കുറിച്ച് പഠനം നടത്തുന്നതിനായി പ്രകാശ് ബക്ഷി കമ്മിറ്റിയെ നിയോഗിച്ചത് റിസർവ്വ് ബാങ്കാണ്. ബക്ഷി കമ്മിറ്റി, റിപ്പോർട്ട് സമർപ്പിച്ചിട്ടുള്ളത് ഭാരതീയ റിസർവ്വ് ബാങ്ക് മുമ്പാകെയാണ്. പ്രകാശ് ബക്ഷി കമ്മിറ്റി റിപ്പോർട്ടിലെ ശുപാർശകൾ കേരള ത്തിലെ സഹകരണ മേഖലയ്ക്ക് അംഗീകരിക്കാൻ കഴിയാത്തതിനാൽ നടപ്പിലാക്കാൻ ഇപ്പോൾ ഉദ്ദേശിച്ചിട്ടില്ല. |
| ബി) പ്രസ്തുത റിപ്പോർട്ട് സഹകരണ മേഖല യിലെ ജീവനക്കാരെ എപ്രകാരം ബാധി ക്കുമെന്ന് വിശദമായി പഠനം നടത്തി യിട്ടുണ്ടോ; വിശദാംശം നൽകുമോ; | (ബി) | പ്രകാശ് ബക്ഷി കമ്മിറ്റി റിപ്പോർട്ടിൽ പ്രാഥമിക കാർഷിക വായ്പ സഹകരണ സംഘങ്ങൾ ജില്ലാ സഹകരണ ബാങ്കുകളുടെ ബിസിനസ്സ് കറസ്പോ ണ്ടന്റ്സായി പ്രവർത്തിക്കണമെന്നും, പ്രാഥമിക കാർഷിക വായ്പ സഹകരണ സംഘങ്ങളിലെ അംഗങ്ങൾ ജില്ലാ സഹകരണ ബാങ്കുകളിൽ അംഗങ്ങളാകണമെന്നും, പ്രാഥമിക കാർഷിക വായ്പ സഹകരണ സംഘങ്ങളിലെ എല്ലാ നിക്ഷേപകരും ജില്ലാ സഹകരണ ബാങ്കുകളിൽ വോട്ടവകാശം ഉള്ള അംഗങ്ങളാകണമെന്നും |

പരാമർശിച്ചിട്ടുണ്ട്. പ്രാഥമിക കാർഷിക വായ്പ സഹകരണ സംഘങ്ങൾ ജില്ലാ സഹകരണ ബാങ്കുകൾക്ക് വേണ്ടി നിക്ഷേപ വായ്പ ഇടപാടുകൾ നടത്താവുന്നതാണെന്നും ഇതിലേയ്ക്കായി ഏജൻസി ഫീസ് കൈപ്പറ്റാവുന്നതാണെന്നും പരാമർശിച്ചിട്ടുണ്ട്. ടി റിപ്പോർട്ടിലെ ശുപാർശകൾ നടപ്പിലാക്കിയാൽ പ്രാഥമിക കാർഷിക വായ്പ സംഘങ്ങളുടെ പ്രസക്തി ഇല്ലാതാകാൻ സാദ്ധ്യതയുണ്ട്. പ്രസ്തുത റിപ്പോർട്ട് സഹകരണ മേഖലയിലെ ജീവനക്കാരെ എപ്രകാരം ബാധിക്കുമെന്ന് പ്രത്യേക പഠനം നടത്തിയിട്ടില്ല.

| | |
|---|---|
| സി) ഇക്കാര്യത്തിൽ ജീവനക്കാരുടെ പ്രതിഷേധം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിനോടുള്ള സർക്കാരിന്റെ സമീപനം വ്യക്തമാക്കുമോ? | (സി) ഉണ്ട്. ബക്ഷി കമ്മിറ്റി റിപ്പോർട്ടിലെ ശുപാർശകൾ കേരളത്തിലെ സഹകരണ മേഖലയ്ക്ക് അനുയോജ്യമല്ല എന്നതാണ് സർക്കാരിന്റെ സമീപനം. |

സെക്ഷൻ ഓഫീസർ